1. വൈദ്യുതി എത്തിക്കുന്നതിന് പ്രത്യേക സപ്ലൈ ലൈസൻസ് ഏർപ്പെടുത്തുന്നതിന് നിഷ്കർഷിക്കുന്നു. കൂടാതെ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ഉത്തരവാദിത്വം വൈദ്യുതി കടത്തിവിടുന്നതിനു വേണ്ടി വരുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നത് മാത്രമായി ചുരുക്കിയിരിക്കുന്നു.

2. കേന്ദ്രഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉത്പാദകർ, മറ്റ് എല്ലാ ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

3. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് അപ്പലേറ്റ് ട്രൈബ്യൂണൽ ഓഫ് ഇലക്ട്രിസിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

4. സംസ്ഥാന ഗവൺമെന്റുകൾ സമയബന്ധിതമായി ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിലെ ചെയർമാൻ, മെമ്പർമാർ എന്നീ ഒഴിവുകൾ നികത്താത്ത പക്ഷം, ടി ഒഴിവ് നികത്തുന്നതിന് ഓരോ ഒഴിവിലേക്ക് രണ്ടുപേരുടെ പാനൽ നിർദ്ദേശിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് അധികാരമുള്ളതാണ്. ടി പാനലിൽ നിന്ന് ഒരാളെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലേക്ക് നിയമിക്കാവുന്നതാണ്.

ടി കരട് വിജ്ഞാപനത്തിന്മേലുള്ള കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഒരു പകർപ്പ് അനുബന്ധമായി* വച്ചിട്ടുണ്ട്.

വൈദ്യുതി വിഹിതം സംബന്ധിച്ച് കേന്ദ്ര റെഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ സ്ഥിതി

21(*351) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് അർഹിക്കുന്ന വൈദ്യുതി വിഹിതം നിഷേധിക്കുന്നത് സംബന്ധിച്ച് കേന്ദ്ര റെഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേസ് മനപ്പൂർവ്വം നീട്ടിക്കൊണ്ടുപോകുന്നതിനുള്ള നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റെഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സ് തീർപ്പാക്കി സംസ്ഥാനത്തിനർഹമായ വൈദ്യുതി ലഭ്യമാക്കാത്തത് വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകുന്നതായി കരുതുന്നുണ്ടോ ;

(ഡി) ഈ കേസ് ഉടൻ തീർപ്പാക്കി സംസ്ഥാനത്തിനർഹമായ വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതിൽ അധികാരികളുടെ ഭാഗത്തു വീഴ്ചകൾ ഉണ്ടായതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് കരാർ ചെയ്തിരിക്കുന്ന വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി അനുവദിക്കാത്തതിന് പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിനെതിരെ ഒരു പരാതി കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേന്ദ്ര റെഗുലേറ്ററി കമ്മീഷന് മുൻപാകെ 9-5-2014-ന് സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുമേലുള്ള ഇടക്കാല ഉത്തരവ് 8-8-2014-ന് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ടി പെറ്റീഷൻ സംബന്ധിച്ചുള്ള വാദം 30-9-2014, 13-10-2014, 15-10-2014, 27-10-2014 തീയതികളിൽ കമ്മീഷനു മുൻപാകെ നടത്തുകയുണ്ടായി. ടി പെറ്റീഷൻ മേലുള്ള അന്തിമതീരുമാനം കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇതുവരെ എടുത്തിട്ടില്ല.

(ബി) ഇല്ല.

(സി) ടി പെറ്റീഷൻ തീർപ്പാക്കുന്ന പക്ഷം സംസ്ഥാനത്തിന് എൻ.റ്റി.പി.സി. വൈദ്യുതി വ്യാപാർ നിഗവുമായി കരാറിലേർപ്പെട്ടിട്ടുള്ള 300 മെഗാവാട്ട് വൈദ്യുതി (ശരാശരി 4 രൂപ 49 പൈസ നിരക്കിലും) പവർ ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുള്ള 100 മെഗാവാട്ട് വൈദ്യുതി (ശരാശരി 4 രൂപ 46 പൈസ നിരക്കിലും) എന്നിവ 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ ലഭ്യമാകുന്നതാണ്. എന്നാൽ ടി വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴി ലഭ്യമല്ലാത്തതിനാൽ, സംസ്ഥാനത്തിന് പുറത്ത് നിന്നും കരാർ ചെയ്ത വൈദ്യുതിയുടെ ലഭ്യതയിൽ കുറവുണ്ടെങ്കിലും, ടി കുറവ് ഒരു പരിധി വരെ നിറവേറ്റുന്നത് സംസ്ഥാനത്തിനകത്തുള്ള കായംകുളം താപനിലയവും ബി.എസ്.ഇ.എസ്. നിലയവും പ്രവർത്തിപ്പിച്ചാണ്.

(ഡി) വീഴ്ചയുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly